**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5164** **14-03-2023 - ൽ മറുപടിയ്ക്ക്**

**ശ്മശാനം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി വിട്ട് നൽകാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര ഗ്രാമപഞ്ചായത്തുകൾ ശ്മശാനം നിർമ്മിക്കുന്നതിനായി റവന്യൂ ഭൂമി ആവശ്യപ്പെട്ട് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത്, അജാനൂർ ഗ്രാമ പഞ്ചായത്ത്, പള്ളിക്കര ഗ്രാമപഞ്ചായത്ത് എന്നീ ഗ്രാമ പഞ്ചായത്തുകൾ ശ്മശാനം നിർമ്മിക്കുന്നതിനായി ഭൂമി ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിനു ശ്മശാനം നിർമ്മിക്കുവാൻ ഭൂമി നൽകുന്നതിന് പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടില്ല. അജാനൂർ ഗ്രാമ പഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുവാൻ ഭൂമി നൽകുന്നത് സംബന്ധിച്ച ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലിൽ അപാകതകൾ ഉള്ളതിനാൽ ആയതു പരിഹരിച്ച് വീണ്ടും സമർപ്പിക്കുന്നതിനു ലാൻഡ് റവന്യൂ കമ്മീഷണർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്., പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിശോധിച്ചു വരുന്നു. |
| (ബി) | ഗ്രാമപഞ്ചായത്തുകളിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി റവന്യൂ ഭൂമി വിട്ടു നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ സെക്ഷൻ 13 ൽ ശ്മശാനത്തിന് പാട്ടത്തിന് ഭൂമി നൽകുന്നതിന് വ്യവസ്ഥ ഇല്ലാത്തതാണ്. ശ്മശാനം നിർമ്മിക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതിനാൽ, പ്രസ്തുത ആവശ്യത്തിന് ഭൂമി നാമ മാത്രമായ പാട്ടത്തിനോ പതിച്ചോ നൽകുന്ന വിഷയത്തിൽ സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ